(സി) ചേരി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ടോ ;

(ഡി) സംസ്ഥാനത്തെ ചേരി നിവാസികളുടെ ആരോഗ്യ പരിപാലനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ&ബി) ഉണ്ട്. 1995-96-ലെ കണക്ക് പ്രകാരം 3,58,012 എണ്ണം.

(സി) ഉണ്ട്. ചേരി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നഗരസഭകൾ മുഖാന്തിരം സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. നഗരസഭകൾ തങ്ങളുടെ പ്ലാൻ ഫണ്ടിന്റെ 10% ചേരി നിവാസികളുടെ ക്ഷേമപ്രവ ത്തനങ്ങൾക്കായി മാറ്റി വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ചേരി വികസന പരിപാടി പ്രകാരവും നഗരസഭകൾ വഴി ചേരി നിവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും, പുനരധിവാസത്തിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു. നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന ദരിദ്ര കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള വാൽമീകി അംബദ്കർ ആവാസ് യോജന (വാംബേ) കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ഡി) ചേരി നിവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പൊതുവായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ അവരുടെ ആരോഗ്യ പരിപാലത്തിനു മാത്രമായി പ്രത്യേക പരിപാടികളൊന്നും തന്നെ ആവിഷ്ക്കരിച്ചിട്ടില്ല.

വസ്തു വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള രജിസ്ട്രേഷൻ ഫീ ഏകീകരിക്കുന്നതിനുള്ള നടപടി

18 (*315) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വസ്തു വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള രജിസ്ട്രേഷൻ ഫീ ഏകീകരിക്കുന്നതിനുള്ള നടപടികൾ ഏതു വരെയായി എന്ന് വിശദീകരിക്കുമോ ;

(ബി) ഇപ്രകാരം ഏകീകരണ നികുതി നിലവിൽ വരുമ്പോൾ പൊതുജനങ്ങൾക്ക് നിലവിലുള്ള നികുതിയേക്കാൾ കുറവുണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ;

(സി) വസ്തുക്കളുടെ തറവില നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) ഇത് എന്നത്തേയ്ക്ക് പ്രാബല്യത്തിൽ വരുമെന്ന് വെളിപ്പെടുത്തുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) വസ്തു വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് സംബന്ധിച്ച് എല്ലാ ആധാരങ്ങൾക്കും ആധാരം ഹാജരാക്കുന്ന കക്ഷിയിൽ നിന്നും ആധാരത്തിൽ കാണിച്ചിട്ടുള്ള വില/പ്രതിഫലത്തിന്റെ 2 ശതമാനം എന്ന ഏകീകൃത നിരക്കിലാണ് രജിസ്ട്രേഷൻ ഫീസ് ഈടാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രമാണം രജിസ്റ്റർ ചെയ്യുമ്പോൾ ഈടാക്കുന്ന മുദ്രവില, രജിസ്ട്രേഷൻ ഫീ, സർച്ചാർജ് എന്നിവ കുറയ്ക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ആധാരത്തിൽ വസ്തുവിന്റെ യഥാർത്ഥ വില/പ്രതിഫലം കാണിക്കാതെ മുദ്രസലയും/ഫീസും കുറച്ചുവെയ്ക്കുന്നത് തടയുന്നതിനായി ഭൂമിക്ക് ന്യായവില നിശ്ചയിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നടപടി പുരോഗമിച്ചു വരുന്നു. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, കൃഷി ഭൂമി, വാസയോഗ്യമായ സ്ഥലം തുടങ്ങിയ മാനദണ്ഡങ്ങളും, മാർക്കറ്റ്, സ്കൂൾ, ആശുപത്രി, ഗതാഗത സൗകര്യം തുടങ്ങിയവയോടുള്ള സാമീപ്യം തുടങ്ങിയ വസ്തുതകളും പരിഗണിച്ചാണ് ന്യായവില നിർണ്ണയിക്കുന്നത്.

(ഡി) ഓരോ വില്ലേജിലെയും സർവ്വേ നമ്പർ അടിസ്ഥാനത്തിലുള്ള കരട് ന്യായവില നിശ്ചയിക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. ഇത് പ്രസിദ്ധീകരിച്ച് പൊതുജനങ്ങളുടെ ആക്ഷേപം പരിഹരിക്കുന്ന ജോലി ബാക്കിയുണ്ട്. ഈ നടപടി പൂർത്തിയായാൽ ന്യായവില പ്രാബല്യത്തിൽ വരുന്നതാണ്.

മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ അഭാവം

19 (*316) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധരായ ഡോക്ടർമാരുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുകാരണം രോഗികൾക്കുണ്ടാകുന്ന വിഷമതകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) വിദഗ്ദ്ധ ഡോക്ടർമാരുടെ കുറവുകാരണം ശസ്ത്രക്രിയകൾ വരെ നടത്താൻ കഴിയാത്ത അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം ഉണ്ടാകുമോ ;

(ഡി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദീർഘകാലാവധിക്ക് നിയന്ത്രണം നടപ്പിലാക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവം കൊണ്ടുള്ള വിഷമതകൾ പരിഹരിക്കുന്നതിനായി റാങ്ക് ലിസ്റ്റ് നിലവിലുള്ള വകുപ്പുകളിൽ പി.എസ്.സി. വഴിയും ഇല്ലാത്ത വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാറടിസ്ഥാനത്തിലും നിയമനം നടത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly